പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3534 | 24/06/2013-ൽ മറുപടിക്ക്

## പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ സ്കൂളുകൾ

ചോദ്യം | മറുപടി

ശ്രീ. കെ.രാധാകൃഷ്ണൻ : കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ എം.ആർ. എസ്. ഉൾപ്പെടെ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ എത്ര അധ്യാപകരും അധ്യാപകേതര ജീവനക്കാരും കുട്ടികളുമുണ്ടെന്നും വിശദമാക്കാമോ; | (എ) | വകുപ്പിന് കീഴിൽ 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. ടി സ്കൂളുകളിലെ അധ്യാപക, അധ്യാപകേതര ജീവനക്കാരുടെ വിവരം, കുട്ടികളുടെ വിവരം എന്നിവ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്കൂളുകളിൽ മതിയായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത സ്കൂളുകളിൽ മതിയായ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചു കൊണ്ട് 5/11/2008-ലെ സ.ഉ (എം.എസ്) നം.107/2008/പജ.പവ.വിവ പ്രകാരം ഉത്തരവായിരുന്നു. അതനുസരിച്ച് അധികമായി വേണ്ടുന്ന തസ്തികകൾ 20/4/10-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 47/2010/ പജ.പവ.വിവ പ്രകാരം അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും സ്കൂളുകളിൽ മതിയായ തസ്തികകൾ സൃഷ്ടിക്കാതിരിക്കുകയും അവിടെ താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുമുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ മതിയായ അധ്യാപകരെ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിയ്ക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ ദിവസവേതന/കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ ഈ തസ്തികകളിൽ നിയമനം നടത്തി വരുന്നു. ടി സ്കൂളുകളിലെ താൽക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. |
| (ഡി)<br><br><br>(ഇ) | സ്കൂളുകളുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കിയിട്ടുണ്ടോ;<br><br>പ്രസ്തുത സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവത്തെ ക്കുറിച്ചും പഠന നിലവാരത്തെ ക്കുറിച്ചുമുള്ള പരാതികൾ ഗൗരവമായി പരിഗണിച്ച് അവ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഡി യും ഇ യും) | സ്കൂളുകളുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യവും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. വിദ്യോദയം പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമത യും ഗുണമേന്മയും വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും വൈവിധ്യമാർന്ന നടപടികൾ സ്വീകരിച്ചു വരുന്നു. വിശദാംശങ്ങൾ അനുബന്ധം 2-ൽ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## എം.ആർ.എസ്സുകളുടെ കാര്യക്ഷമതയും അടിസ്ഥാന സൗകര്യവും വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ.

1) പഠന നിലവാരം

18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 12 സ്കൂളുകളിൽ 10-ാം ക്ലാസിൽ 100% വിജയം. ഇതിൽ തിരുവനന്തപുരത്തുള്ള ഞാറനീലിയിലുള്ള എം.ആർ.എസ്. സി.ബി.എസ്.ഇ. സിലബസിലുള്ളതുമാണ്. ആകെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ 532 വിദ്യാർത്ഥികളിൽ 521 വിദ്യാർത്ഥികൾ വിജയിച്ചു. എം.ആർ.എസ്-കളിൽ പരീക്ഷ എഴുതിയ ആകെ 11 വിദ്യാർത്ഥികൾ മാത്രമാണ് പരാജിതരായത്. എം.ആർ.എസ്-കളിൽ ആകെ വിജയശതമാനം 97.93 ആണ്. ഇത് സംസ്ഥാന വിജയശത മാനത്തേക്കാൾ കൂടുതലാണ്. മുൻവർഷങ്ങളിൽ എല്ലാ വിഷയങ്ങൾക്കും എ+ കരസ്ഥമാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം വിരളമാണ്. എന്നാൽ ഇത്തവണ 8 വിദ്യാർത്ഥികൾക്ക് മുഴുവൻ വിഷയങ്ങൾക്കും എ+ ലഭിച്ചിട്ടു ണ്ട്.

ഹയർ സെക്കണ്ടറി തലത്തിൽ സംസ്ഥാനത്ത് 100% വിജയം കരസ്ഥമാക്കിയ ആകെയുള്ള രണ്ട് സർക്കാർ സ്കൂളുകളിൽ ഒന്ന് പട്ടികവർഗ വികസന വകുപ്പിന്റെ കീഴിലുള്ള ചാലക്കുടിയിലെ എം.ആർ.എസ്. ആണ്. സംസ്ഥാനത്ത് 8 എം.ആർ.എസ്-കളിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ആണ് ഉള്ളത്. ആകെ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ 403. പാസായ കുട്ടികൾ 334. ആകെ വിജയശതമാനം 82.87.

2) അടിസ്ഥാന സൗകര്യ വികസനം

18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 16 എണ്ണത്തിനും സ്വന്തമായ സ്ഥിരം കെട്ടിട സൗകര്യങ്ങൾ. കെട്ടിട സൗകര്യങ്ങളില്ലാത്ത വയനാട്ടിലെ തിരുനെല്ലി ആശ്രമ സ്കൂളിന് പൂക്കോട് എം.ആർ.എസ്-നും കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭ്യമാക്കി തിരുനെല്ലി ആശ്രമം സ്കൂളിന്റെ കെട്ടിടനിർമ്മാണം നടപ്പു സാമ്പത്തികവർഷം സ്റ്റേറ്റ് നിർമ്മിതി മുഖാന്തിരം ആരംഭിച്ചുകഴിഞ്ഞു. പൂക്കോട് എം.ആർ.എസ്-ന്റെ കെട്ടിട നിർമ്മാണം കിറ്റ്കോ മുഖാന്തിരം ഉടനടി ആരംഭിക്കുന്നതാണ്.

3) വിദ്യോദയം പദ്ധതി

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിയ്ക്കുന്ന മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളുടേയും പ്രീമെട്രിക് അടിസ്ഥാന സൗകര്യ വികസനത്തിലൂടെ അദ്ധ്യയന നിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിച്ച്

വിദ്യാർഥികൾക്ക് മികവുറ്റ വിദ്യാഭ്യാസം നൽകുന്നതിനായി സാഹചര്യം ഒരുക്കുന്നതിനായിട്ടാണ് വിദ്യോദയം പദ്ധതി നടപ്പിലാക്കുന്നത്. സ്ഥാപന ങ്ങളിൽ ഫർണിച്ചർ കിടക്കകൾ തുടങ്ങിയവ ലഭ്യമാക്കുക എന്നിവയും ഈ പ്രൊപ്പോസലിൽ ഉൾപ്പെടുന്നു.

4) സ്റ്റുഡന്റ് ഹെൽത്ത് ആക്ടിവിസ്റ്റ് പദ്ധതി

മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥി കൾക്ക് ആരോഗ്യപരിപാലനം, പ്രഥമശുശ്രൂഷ, കുടിവെള്ളപരിപാലനം, ജീവിതശൈലീരോഗപ്രതിരോധം, പുകവലി, പാൻമസാല, മദ്യം, മയക്കുമ രുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ബോധവൽക്കരണം നൽകി പ്രത്യേകം പരിശീലിപ്പിച്ച് ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിച്ച് മറ്റുള്ള വിദ്യാർഥികൾക്കും പട്ടികവർഗ്ഗ സങ്കേതങ്ങളിലും ബോധവൽക്കരണം നൽകി മേൽപ്പറഞ്ഞവയുടെ ദൂഷ്യഫലങ്ങൾ ഇല്ലായ്മ ചെയ്യുന്നതിനുള്ളതാണ് സ്റ്റുഡൻസ് ഹെൽത്ത് ആക്ടിവിസ്റ്റ് പദ്ധതി.

5) നാഷണൽ സർവീസ് സ്കീം യൂണിറ്റുകൾ

സാമൂഹിക സേവന പ്രവർത്തികളിലൂടെ സാമൂഹികപ്രതിബദ്ധത വളർത്തി ജനനന്മയും വ്യക്തി ഗുണവും ഉറപ്പാക്കി ഉന്നതമൂല്യബോധമുള്ള പൗരൻമാരാക്കി മോഡൽ റസിഡൻഷ്യൽ സ്കൂൾ വിദ്യാർത്ഥികളെ വളർത്തികൊണ്ടുവരുന്നന്നതിനായി നാഷണൽ സർവ്വീസ് സ്കീം യൂണിറ്റു കൾ രൂപീകരിക്കൽ.

6) സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

രാജ്യത്തെ നീതിബോധവും സാമൂഹ്യ പ്രതിബദ്ധതയും ഒത്തുചേർത്ത് ഉത്തമപൗരൻമാരായി പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മാറ്റിയെടുക്കുന്നതിനും സാമൂഹ്യ സുരക്ഷിതത്വത്തിൽ പങ്കാളികളാക്കുവാനും ഉദ്ദേശിച്ചുകൊണ്ട് സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റുകൾ രൂപീകരിക്കൽ.

7) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം

ഉന്നത വിദ്യാഭ്യാസ വകുപ്പിൻെറ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട 8 എം.ആർ.എസ്സുകളിൽ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം എന്ന പദ്ധതി നടപ്പിലാക്കുന്നു.

8) ക്ലാസ് സമയം പുന:ക്രമീകരിക്കൽ

പ്രഭാതത്തോട് അടുത്ത സമയം മികച്ച അദ്ധ്യയനത്തിന് ഏറ്റവും അനു യോജ്യമായതിനാൽ പഠനത്തിനും മറ്റ് പഠന പ്രവർത്തനങ്ങൾക്കും അനു ഗുണമായ രീതിയിൽ എം.ആർ.എസ്സുകളിലെ ക്ലാസ്സ് സമയം 8.30 എ.എം

മുതൽ 2.30 പി.എം വരെ പുനക്രമീകരിക്കുന്നതിനും അതുവഴി ഉച്ചക്ക്ശേഷം വിദ്യാർത്ഥികളുടെ കലാകായിക വാസനകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും പഠനത്തിൽ മോശമായ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിനുളള സമയംകണ്ടെത്താനും ഈ പദ്ധതി വഴി സാധിക്കുന്നു.

9) <u>സർഗോത്സവം</u>

മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലെ മികച്ച കലാപ്രതിഭകൾക്ക് വിവിധ കലാമൽസരങ്ങളിൽ പങ്കെടുക്കുന്നതിനുളള അന്തർമുഖത്വം ഇല്ലായ്മചെയ്ത് അവർക്ക് മികച്ച കലാപ്രകടനങ്ങൾ നടത്തുന്നതിന് പ്രാപ്തി ലഭ്യമാക്കുക എന്നത് ലക്ഷ്യം വച്ചുകൊണ്ട് വർഷത്തിലൊരിക്കൽ സർഗ്ഗോത്സവം എന്നപേരിൽ കലാമേള നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

10) <u>സ്പെഷ്യൽ കോച്ചിംഗ്</u>

എം.ആർ.എസ്സ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ /സാമൂഹിക/കലാ അഭിരുചികൾ വർദ്ധിപ്പിക്കുന്നതിനായി 5 വ്യത്യസ്ത മേഖലകളിൽ വിദഗ്ധർ മുഖാന്തിരം സ്പെ ഷ്യൽ കോച്ചിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്തുന്ന പദ്ധതി ആയതിൽ നൃത്തം, സംഗീതം, ഉപകരണസംഗീതം, സോഷ്യൽ വർക്ക്, കംപ്യൂട്ടർ പഠനം എന്നിവയുൾപ്പെടുന്നു.

11) <u>സ്റ്റുഡൻസ് കൗൺസിലർ</u>

എല്ലാ മോഡൽ റസിഡൻഷ്യൽ സ്ക്കൂളുകളിലും വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് വിദഗ്ദ്ധരായ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നു.

12) <u>എൻട്രൻസ് പരീക്ഷാ പരിശീലനം</u>

+2 സയൻസ് ബാച്ചുളള സ്ക്കൂളുകളിൽ പ്രവേശന പരീക്ഷാ പരിശീലനം ഉറപ്പാക്കുന്നു.

## അനദ്ധ്യാപക തസ്തികകൾ

| വകുപ്പിന്റെ പേര് | ക്രമ നമ്പർ | സ്കൂളിന്റെ പേര് | സീനിയർ സൂപ്രണ്ട് | വാർഡൻ | പ്യൂൺ | വാച്ച്മെൻ / സെക്യൂരിറ്റി | കുക്ക് | ഫുൾ ടൈം സ്വീപ്പർ | ഗാർഡ്നർ-കം-സ്കാവഞ്ചർ | ആയ | എൽ.ഡി. ക്ലർക്ക് | ആകെ | ആകെ മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| പട്ടിക വർഗ്ഗ വികസന വകുപ്പ് | 1 | എം.ആർ.എസ്., കട്ടേല, തിരുവനന്തപുരം | | 1 | | 1 | | 1 | | 1 | | 4 | 188 |
| | 2 | എം.ആർ.എസ്., കുളത്തൂപ്പുഴ, കൊല്ലം | | 1 | | 1 | 1 | | | 2 | | 5 | |
| | 3 | എം.ആർ.എസ്., വടശ്ശേരിക്കര, പത്തനംതിട്ട | | 1 | | 1 | 2 | 1 | 1 | 1 | | 7 | |
| | 4 | എം.ആർ.എസ്., ഈരാറ്റുപേട്ട, കോട്ടയം | | 1 | | 1 | 1 | | | 2 | | 5 | |
| | 5 | എം.ആർ.എസ്., മൂന്നാർ, ഇടുക്കി | | 1 | | 1 | 3 | 1 | 1 | 1 | | 8 | |
| | 6 | ഇ.എം.ആർ.എസ്., പൈനാവ്, ഇടുക്കി | | 1 | | 1 | | | | 2 | | 4 | |
| | 7 | എം.ആർ.എസ്., ചാലക്കുടി, തൃശൂർ | | 1 | | 1 | 2 | 1 | 1 | 1 | | 7 | |
| | 8 | എം.ആർ.എസ്., അട്ടപ്പാടി, പാലക്കാട് | | 1 | | 1 | 1 | | 1 | 1 | | 5 | |
| | 9 | എം.ആർ.എസ്., കൽപ്പറ്റ, വയനാട് | | 1 | | 1 | 1 | | 1 | 1 | | 5 | |
| | 10 | ഇ.എം.ആർ.എസ്., പൂക്കോട്, വയനാട് | | 1 | 2 | 2 | 6 | 1 | | 2 | | 14 | |
| | 11 | എം.ആർ.എസ്., നല്ലൂർനാട്, | | 1 | | 1 | | 1 | | 1 | | 4 | |

| വകുപ്പിന്റെ പേര് (1) | ക്രമ നമ്പർ (2) | സ്കൂളിന്റെ പേര് (3) | സീനിയർ സൂപ്രണ്ട് (4) | വാർഡൻ (5) | പ്യൂൺ (6) | വാച്ച് മെൻ / സെക്യൂരിറ്റി (7) | കുക്ക് (8) | ഫുൾ ടൈം സ്വീപ്പർ (9) | ഗാർഡ്നർ-കം-സ്കാവഞ്ചർ (10) | ആയ (11) | എൽ.ഡി. ക്ലർക്ക് (12) | ആകെ (13) | ആകെ മൊത്തം (14) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | 12 | എം.ആർ.എസ്., കണ്ണൂർ | | 1 | | 1 | 7 | 1 | 1 | 1 | | 12 | |
| | 13 | എം.ആർ.എസ്., കാസറഗോഡ് | | 1 | | 1 | 5 | 1 | 1 | 1 | | 10 | |
| | 14 | എ.എസ്., മലമ്പുഴ, പാലക്കാട് | 1 | 1 | 1 | 2 | 11 | 1 | 1 | 3 | 1 | 22 | |
| | 15 | എ.എസ്., നിലമ്പൂർ, മലപ്പുറം | 1 | 1 | 1 | 2 | 7 | 1 | 1 | 2 | | 16 | |
| | 16 | എ.എസ്., നൂൽപ്പുഴ, വയനാട് | | 1 | | 2 | 13 | 3 | 1 | 2 | | 22 | |
| | 17 | എ.എസ്., തിരുനെല്ലി, വയനാട് | 1 | 1 | 1 | 2 | 11 | 2 | 1 | 2 | 1 | 22 | |
| | 18 | ഞാറനീലി സി.ബി.എസ്.ഇ. സ്കൂൾ, തിരുവനന്തപുരം | | 1 | | 2 | 6 | 3 | 1 | 3 | | 16 | |
| പട്ടിക ജാതി വികസന വകുപ്പ് | 19 | എം.ആർ.എസ്., തിരുവില്വാമല, തൃശൂർ | 1 | 1 | 1 | 2 | 4 | 1 | | 1 | | 11 | 83 |
| | 20 | എം.ആർ.എസ്., തൃത്താല, പാലക്കാട് | | 1 | | 1 | 4 | | | 1 | | 7 | |
| | 21 | എം.ആർ.എസ്., പീരുമേട്, ഇടുക്കി | | 1 | | 1 | 4 | | | 1 | | 7 | |
| | 22 | എം.ആർ.എസ്., കോഴിക്കോട് | 1 | 1 | 1 | 2 | 6 | 1 | | 1 | | 13 | |
| | 23 | എം.ആർ.എസ്., കാസർഗോഡ് | 1 | 1 | 1 | 2 | 6 | 1 | | 1 | | 13 | |
| | 24 | എം.ആർ.എസ്., ആലുവ, എറണാകുളം | | 1 | | 1 | 4 | | | 1 | | 7 | |
| | 25 | ശ്രീ. അയ്യങ്കാളി മെമ്മോറിയൽ സ്പോർട്ട്സ് സ്കൂൾ, വെള്ളായണി, തിരുവനന്തപുരം | 1 | | 1 | 1 | 6 | 2 | | 2 | | 13 | |
| | 26 | എം.ആർ.എസ്., പുന്നപ്ര, ആലപ്പുഴ | 1 | 1 | 1 | 2 | 5 | 1 | | 1 | | 12 | |

## Annexure-1

## DETAILS OF STUDENTS AND STAFF STRENGTH IN MODEL RESIDENTIAL SCHOOLS

| SL NO. | NAME OF SCHOOL | Sanctioned strength of students | Present student strength | Sanctioned strength of teachers | No of permanentTeachers | No of contract Teachers | No of Non Teaching staff | No of Non Teaching staff on contract /Dailywages |
|---|---|---|---|---|---|---|---|---|
| 1 | MODEL RESIDENTIAL SCHOOL, KASARGOD | 350 | 335 | 25 | 18 | 7 | 22 | 4 |
| 2 | MODEL RESIDENTIAL SCHOOL, POOKODE | 300 | 266 | 16 | 13 | 3 | 28 | 11 |
| 3 | MODEL RESIDENTIAL SCHOOL, IDUKKI | 300 | 165 | 17 | 17 | 0 | 20 | 2 |
| 4 | MODEL RESIDENTIAL SCHOOL, NALLOORNAD | 354 | 238 | 25 | 16 | 9 | 24 | 2 |
| 5 | MODEL RESIDENTIAL SCHOOL, KULATHUPUZHA | 210 | 151 | 13 | 9 | 4 | 21 | 8 |
| 6 | MODEL RESIDENTIAL SCHOOL, KALPETTA | 210 | 197 | 12 | 11 | 1 | 18 | Nil |
| 7 | ASHRAM SCHOOL, THIRUNELLI | 350 | 350 | 15 | 12 | 3 | 24 | 13 |
| 8 | MODEL RESIDENTIAL SCHOOL, NILAMBUR | 430 | 420 | 14 | 14 | Nil | 25 | 11 |
| 9 | MODEL RESIDENTIAL SCHOOL, KOTTAYAM | 210 | 195 | 11 | 10 | 1 | 18 | 4 |

19

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | AMBEDKAR VIDYANIKETAN CBSE SCHOOL, NJARANEELI | 440 | 339 | 23 | 0 | 23 | 37 | 37 |
| 11 | MODEL RESIDENTIAL SCHOOL, MUNNAR | 280 | 182 | 19 | 12 | 7 | 17 | 4 |
| 12 | MODEL RESIDENTIAL SCHOOL, NOOLPUZHA | 420 | 412 | 27 | 22 | 5 | 36 | 10 |
| 13 | MODEL RESIDENTIAL SCHOOL, VADASSERIKKARA | 280 | 280 | 19 | 14 | 5 | 21 | 6 |
| 14 | MODEL RESIDENTIAL SCHOOL, KATTELA | 354 | 347 | 26 | 25 | 1 | 13 | 3 |
| 15 | MODEL RESIDENTIAL SCHOOL, CHALAKKUDY | 281 | 281 | 20 | 19 | 1 | 17 | 3 |
| 16 | MODEL RESIDENTIAL SCHOOL, KANNUR | 426 | 273 | 31 | 25 | 6 | 22 | 8 |
| 17 | ASHRAM SCHOOL, MALAMBUZHA | 350 | 347 | 17 | 12 | 5 | 21 | 11 |
| 18 | MODEL RESIDENTIAL SCHOOL, ATTAPPADY | 210 | 194 | 16 | 13 | 3 | 21 | 7 |
| | **TOTAL** | **5755** | **4972** | **346** | **262** | **84** | **405** | **144** |